# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4461 25/06/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായ മുന്നേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി. ഉണ്ണി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള അത്ഭുതപൂർവ്വമായ മുന്നേറ്റം എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സ്കൂൾ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ 2018-19 അദ്ധ്യയന വർഷത്തിലുണ്ടായ വർദ്ധന 2019-20 ലും ആവർത്തിച്ചു. 2019-20 അക്കാദമിക് വർഷത്തെ കണക്കനുസരിച്ച് പൊതുവിദ്യാലയങ്ങളിൽ 1,63,406 കുട്ടികൾ പുതുതായി വന്നു ചേർന്നു. 2017-18-ൽ 1,56,565 ഉം, 2018-19 വർഷം 1,84,728 ഉം 2019-20 വർഷം 1,63,420 കുട്ടികളും ഉൾപ്പെടെ 3 വർഷങ്ങളിലായി പൊതുവിദ്യാലയങ്ങളിൽ 5,04,713 കുട്ടികളുടെ വർദ്ധന ഉണ്ടായി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി, 3 കോടി, 1 കോടി പദ്ധതികളിലൂടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, കെട്ടിട നിർമ്മാണം എന്നിവ സത്വരമായി നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളിൽ 'ജൈവവൈവിധ്യ ഉദ്യാനം', 'ഓട്ടിസം പാർക്ക്' എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.<br>അതോടൊപ്പം, എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി വരുന്നു. ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയും, ലാബുകളിലേയും ആവശ്യ |

മായ ഐ.ടി ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 'ബ്രോഡ്ബാന്റ്' ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കി യിട്ടുണ്ട്. പ്രൈമറി വിഭാഗം വിദ്യാലയ ങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകു കയും, പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കു കയും ചെയ്തിട്ടുണ്ട്.

ഡിജിറ്റൽ വിഭവങ്ങളും, ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തന ങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര വിഭവ പോർട്ടൽ, ഹൈസ്കൂൾ ക്ലാസ്സു കളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെതന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് എന്നിവ നടപ്പിലാക്കി വരുന്നു.

എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വരെ നല്കുന്ന ചലഞ്ച് ഫണ്ട് പദ്ധതി നടപ്പിലാക്കി. പാഠപുസ്തകങ്ങൾ സമഗ്ര മായ പരിശോധയ്ക്കു വിധേയമാക്കി ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയും, ദേശീയ പദ്ധതി എന്ന നിലയിൽ വർഷങ്ങളായി മുടങ്ങിക്കിടന്ന എൻ.എസ്.ക്യൂ.എഫ് പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു.

നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്ന തിനായി 'അക്ഷര ലക്ഷം', അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതി, ഇതരസംസ്ഥാന തൊഴിലാളി കളെ മലയാളത്തിൽ സാക്ഷരരാക്കുന്ന തിനായി 'ചങ്ങാതി' പദ്ധതി, ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വരുടെ തുടർ വിദ്യാഭ്യാസത്തിനായി 'സമന്വയ' പദ്ധതി, പട്ടികജാതി വിഭാഗക്കാർക്കായിട്ടുള്ള 'നവചേതന'

| | | | |
|---|---|---|---|
| | | | പദ്ധതി എന്നിവയും പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളാണ്. |
| (ബി) | 01/04/2018 മുതൽ 31/03/2019 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ മേഖലയ്ക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകാമോ? | (ബി) | 01/04/2018 മുതൽ 31/03/2019 വരെയുള്ള കാലയളവിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>പദ്ധതിയിനം<br>(പ്ലാൻ) - 1,89,348.48 ലക്ഷം രൂപ<br>പദ്ധതിയേതരയിനം<br>(നോൺപ്ലാൻ) - 13,84,833.92 ലക്ഷം രൂപ |

Reena

സെക്ഷൻ ഓഫീസർ